(സി)&(ഡി) ഉണ്ട്.

രണ്ടു ഗ്യാസ് സിലിണ്ടറുകൾ ഉള്ളവർക്കും മണ്ണെണ്ണ നൽകുവാൻ നടപടി

16 (*316)ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടേയും പാചകവാതകത്തിന്റേയും വില വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) വില വർദ്ധിപ്പിക്കുമ്പോൾ മണ്ണെണ്ണയ്ക്ക് സംസ്ഥാന ഗവൺമെന്റ് വക സബ്സിഡി ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) പാചകവാതകത്തിന് ക്രമാതീതമായ വില വർദ്ധിപ്പിക്കുന്ന പക്ഷം പാചക വാതകത്തിന്റെ രണ്ട് സിലിണ്ടർ ഉള്ളവർക്ക് പെർമിറ്റ് പ്രകാരം മണ്ണെണ്ണ നൽകുവാൻ നടപടിയെടുക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മണ്ണെണ്ണയുടേയും പാചക വാതകത്തിന്റേയും വില വർദ്ധിപ്പിക്കുവാൻ നീക്കമുള്ളതായി അറിയുന്നു. രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) വില വർദ്ധിപ്പിക്കുന്ന പക്ഷം ഇക്കാര്യത്തിൽ എന്തു ചെയ്യാനാവുമെന്ന് പരിശോധിക്കുന്നതാണ്.

(സി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിലുള്ള മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിച്ചു നൽകുകയാണെങ്കിൽ മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉപദേശക സമിതി

17 (*317)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും യുവ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടുന്ന ഉപദേശക സമിതികളുടെ രൂപീകരണം സംബന്ധിച്ച എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ഘടന എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉപദേശകസമിതിയുടെ പ്രവർത്തനത്തിലൂടെ എക്സ്ചേഞ്ചുകൾവഴി ക്രമവിരുദ്ധ നിയമനം നടത്തുന്നതല്ലെന്നും ദിവസക്കൂലി അടിസ്ഥാനത്തിലുള്ള നിയമനവും എക്സ്ചേഞ്ചുവഴി ആക്കുന്നതിന്റെ ഗുണം പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സീനിയോറിറ്റി മറികടന്നുള്ള നിയമനം തൊഴിലില്ലായ്മ വേതന വിതരണത്തിലെ ക്രമക്കേട് എന്നിവ സംബന്ധിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കാൻ പ്രസ്തുത സമിതികൾക്ക് എന്തെങ്കിലും അധികാരം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ഉപദേശക സമിതികളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംസ്ഥാനത്തെ നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ യുവജനസംഘടനകൾ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികളും ഭാരതീയ ജനതാപാർട്ടിയുടെ യുവ ജന സംഘടനകയുടെ പ്രതിനിധിയും ഉൾപ്പെടുന്ന ജില്ലാതല ഉപദേശക സമിതി 24.6.1998-ലെ ജി.ഒ. (എം.എസ്.)34/98/തൊഴിൽ നമ്പർ പ്രകാരവും 30.6.1998-ലെ ജി.ഒ.(എം.എസ്.) 38/98/തൊഴിൽ നമ്പർ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ബി) (1) ഈ കമ്മിറ്റിയിലെ അംഗങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള ലൈവ് രജിസ്റ്ററുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുമ്പോൾ ഏതെങ്കിലും അർഹരായ ഉദ്യോഗാർത്ഥികളുടെ പേര് അയയ്ക്കാതിരിക്കുകയാണെങ്കിൽ അക്കാര്യം സമിതിയിൽ ഉന്നയിക്കാവുന്നതാണ്.

(2) തൊഴിലില്ലായ്മ വേതനം ലഭിക്കാതെ വരുകയോ ഇവയുടെ വിതരണത്തിൽ അപാകതയുണ്ടാവുകയോ അനർഹരായ വ്യക്തികൾക്ക് ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ സമിതിയിൽ ഉന്നയിക്കാവുന്നതാണ്.

(3) സംശയമുള്ള കേസുകളിൽ സമിതി അംഗങ്ങളെ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർ രേഖകൾ പരിശോധനക്കായി കാണിക്കേണ്ടതാണ്.

(4) കമ്മിറ്റി അംഗങ്ങൾ പൊതു, സ്വകാര്യ മേഖലകളിൽ വരുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നികത്തുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(5) ജില്ലാതല ഉദ്യോഗസ്ഥ മേധാവികളെ ആറുമാസത്തിൽ കുറവുള്ള ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(6) വിവിധ ഒഴിവുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും കാലതാമസം വരുത്താതെ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പിന് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(7) ഉപദേശക സമിതിയുടെ എല്ലാ ഉപദേശവും അഭിപ്രായവും നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമല്ലെങ്കിൽ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർ ബാദ്ധ്യസ്ഥമാണ്.

(8) തൊഴിൽരഹിതരായ യുവാക്കൾക്ക് ഹ്രസ്വകാല പരിശീലന പരിപാടികളും സെമിനാറും മറ്റും നടത്തി ടെസ്റ്റിനും ഇന്റർവ്യൂവിനും പ്രാപ്ത രാക്കാൻ കമ്മിറ്റി ശ്രമിക്കണം.

(സി) (1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ

(2) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ സെക്രട്ടറി/കൺവീനർ

(3) അസംബ്ലിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ യുവജന പ്രതിനിധികൾ
(4) ഭാരതീയ ജനതാപാർട്ടിയുടെ യുവജന സംഘടനയുടെ പ്രതിനിധികൾ
} അംഗങ്ങൾ

(ഡി) ഓരോ മൂന്നുമാസവും കൂടുമ്പോൾ ഉപദേശക സമിതികൾ കൂടുന്നുണ്ട്. ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കുന്ന തിനും ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അറിയിച്ചിട്ടുള്ള ഒഴിവു കളിലേക്ക്ഏതു സീനിയോറിറ്റിവരെയുള്ള ഉദ്യോഗാർത്ഥികളെയാണ് അവസാ നമായി പരിഗണിച്ചതെന്നും അതിന്റെ നിയമപരമായ അടിസ്ഥാനം എന്താ ണെന്നും അറിയുവാൻ അംഗങ്ങൾക്ക് അവസരം നൽകുന്നുണ്ട്. പരാതികൾ പരിശോധിച്ച് മറുപടി നൽകുന്നുണ്ട്.

(ഇ) കമ്മിറ്റിയുടെ മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെടുന്ന ക്രമക്കേടുക ളിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാൻ വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള അവകാശം കമ്മിറ്റി ക്കുണ്ട്.

(എഫ്) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ഉപദേശകസമിതിക ളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ നടപടികൾ സ്വീകരി ച്ചുവരുന്നുണ്ട്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം

17 (*317)ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ, പാചകവാതകം, ഡീസൽ തുടങ്ങിയവയുടെ വില വീണ്ടും വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന് ഈ തീരുമാനം ദോഷം ചെയ്യുമെന്നുള്ള വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly